**കേരള സർക്കാർ**

**സംഗ്രഹം**

ഉന്നത വിദ്യാഭ്യാസ വകുപ്പ്- ശ്രീമതി. ഇഷിതാറോയി. ഐ.എ.എസ് (റിട്ട)- നെ സെന്റർ ഫോർ കണ്ടിന്യൂയിംഗ് എഡ്യൂക്കേഷൻ കേരള (CCEK) യുടെ ഡയറക്ടർ തസ്തികയിലേക്ക് പുനർനിയമനം നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**ഉന്നത വിദ്യാഭ്യാസ (എൽ) വകുപ്പ്**

സ.ഉ (കൈ) നം. 637/2025/HEDN തീയതി, തിരുവനന്തപുരം, 29-08-2025

---

**ഉത്തരവ്**

ഉന്നത വിദ്യാഭ്യാസ വകുപ്പ് മുൻ പ്രിൻസിപ്പൽ സെക്രട്ടറി ശ്രീമതി. ഇഷിതാറോയി. ഐ.എ.എസ് (റിട്ട.)- നെ സെന്റർ ഫോർ കണ്ടിന്യൂയിംഗ് എഡ്യൂക്കേഷൻ, കേരള (CCEK) യുടെ ഡയറക്ടറായി 3 വർഷ കാലാവധിയിൽ പുനർനിയമന വ്യവസ്ഥകൾക്ക് വിധേയമായി നിയമനം നൽകി ഉത്തരവാകുന്നു.

2) ശ്രീമതി. ഇഷിതാറോയി. ഐ.എ.എസ് (റിട്ട)- ന്റെ സേവന വേതന വ്യവസ്ഥകൾ പിന്നീട് നിശ്ചയിക്കുന്നതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ഡോ. ഷർമിള മേരി ജോസഫ്
പ്രിൻസിപ്പൽ സെക്രട്ടറി

ഡയറക്ടർ, സെന്റർ ഫോർ കണ്ടിന്യൂയിംഗ് എഡ്യൂക്കേഷൻ, കേരള , തിരുവനന്തപുരം
ശ്രീമതി. ഇഷിതാറോയി. ഐ.എ.എസ് (റിട്ട.), ഡയറക്ടർ, സെന്റർ ഫോർ കണ്ടിന്യൂയിംഗ് എഡ്യൂക്കേഷൻ, കേരള , തിരുവനന്തപുരം
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ/ ആഡിറ്റ്), കേരള, തിരുവനന്തപുരം
ധനകാര്യ വകുപ്പ് (25.8.2025 ലെ 3247277/EDN-B2/150/2025-FIN കുറിപ്പ് പ്രകാരം)
വിജിലൻസ് വകുപ്പ്
പൊതുഭരണ (എസ്.സി) വകുപ്പ് (27.8.2025 ലെ ഇനം. നം. 3215 പ്രകാരം)
നോഡൽ ഓഫീസർ, വെബ് സൈറ്റ്, ഉന്നത വിദ്യാഭ്യാസ വകുപ്പ്
ഇൻഫർമേഷൻ ഓഫീസർ, വെബ് & ന്യൂ മീഡിയ (പ്രസിദ്ധീകരണത്തിന്)
കരുതൽ ഫയൽ/ഓഫീസ് പകർപ്പ്

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

രഹസ്യം

# കേരള സർക്കാർ

# മന്ത്രിസഭായോഗത്തിന്റെ നടപടിക്കുറിപ്പുകൾ

## തീയതി : 27-08-2025

ഫയൽ നം. എൽ1/37/2025/ഉ.വി.വ. ഇനം നം: 3215

വിഷയം : ഉന്നതവിദ്യാഭ്യാസ വകുപ്പ് - ശ്രീമതി. ഇഷിതാറോയി ഐ.എ.എസ്. (റിട്ട.)-നെ സെന്റർ ഫോർ കണ്ടിന്യൂയിംഗ് എഡ്യൂക്കേഷൻ കേരള-യുടെ ഡയറക്ടർ തസ്തികയിലേക്ക് പുനർനിയമന വ്യവസ്ഥയിൽ നിയമിക്കുന്നത്.

തീരുമാനം : കുറിപ്പിലെ നിർദ്ദേശം അംഗീകരിച്ചു.

(ഒപ്പ്)
പിണറായി വിജയൻ
മുഖ്യമന്ത്രി

(ശരിപ്പകർപ്പ്)

ഡോ. എ. ജയതിലക്
ചീഫ് സെക്രട്ടറി

പ്രിൻസിപ്പൽ സെക്രട്ടറി, ഉന്നതവിദ്യാഭ്യാസ വകുപ്പ്.

SO
(L)
Urgent
29 8 25

3215

**കേരള സർക്കാർ**
**(പിണറായി വിജയൻ മന്ത്രിസഭ)**
**മന്ത്രിസഭാ യോഗത്തിനുള്ള കുറിപ്പ്**

| | | | |
|---|---|---|---|
| 1 | ഫയൽ നമ്പർ | : | എൽ 1/37/2025/ഉ.വി.വ |
| 2 | വകുപ്പ് | : | ഉന്നതവിദ്യാഭ്യാസ (എൽ) വകുപ്പ് |
| 3 | വിഷയം | | ശ്രീമതി. ഇഷിതാറോയി ഐ.എ.എസ് (റിട്ട) - നെ സെന്റർ ഫോർ കണ്ടിന്യൂയിംഗ് എഡ്യൂക്കേഷൻ കേരള -യുടെ ഡയറക്ടർ തസ്തികയിലേക്ക് പുനർനിയമന വ്യവസ്ഥയിൽ നിയമിക്കുന്നത്- സംബന്ധിച്ച് |
| 4 | മന്ത്രിസഭായോഗത്തിൽ സമർപ്പിക്കാനുള്ള മുഖ്യമന്ത്രിയുടെ ഉത്തരവ് തീയതി | : | 26.8.2025 |
| 5 | (i) ഇത് സാമ്പത്തിക ബാദ്ധ്യതയുള്ളതാണോ? | : | അതെ |
| | (ii)സാമ്പത്തികബാദ്ധ്യതയുള്ളതാണെങ്കിൽ ധനകാര്യ വകുപ്പുമായി ആലോചിച്ചിട്ടുണ്ടോ, ഉണ്ടെങ്കിൽ അവരുടെ അഭിപ്രായം മന്ത്രിസഭാ യോഗത്തിനുള്ള കുറിപ്പിൽ ഉൾക്കൊള്ളിച്ചിട്ടുണ്ടോ ? | : | ഉണ്ട് |
| 6 | മറ്റേതെങ്കിലും വകുപ്പുമായി ആലോചിച്ചിട്ടുണ്ടോ, ഉണ്ടെങ്കിൽ അവരുടെ അഭിപ്രായം മന്ത്രിസഭാ യോഗത്തിനുള്ള കുറിപ്പിൽ ഉൾക്കൊള്ളിച്ചിട്ടുണ്ടോ ? | : | ഉണ്ട് |
| 7 | കരട് കുറിപ്പ് സമർപ്പിച്ച ജോയിന്റ് സെക്രട്ടറിയുടെ പേര് | : | രാജേഷ് എം |
| 8 | കരട് കുറിപ്പ് അംഗീകരിച്ച പ്രിൻസിപ്പൽ സെക്രട്ടറിയുടെ പേര്. | : | ഡോ.ഷർമിള മേരി ജോസഫ് |
| 9 | മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് പ്രിൻസിപ്പൽ സെക്രട്ടറി അംഗീകരിച്ച തീയതി. | : | 26.8.2025 |
| 10 | കരട് കുറിപ്പ് അംഗീകരിച്ച ചീഫ് സെക്രട്ടറിയുടെ പേര് | : | ഡോ. എ. ജയതിലക് |
| 11 | മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് ചീഫ് സെക്രട്ടറി അംഗീകരിച്ച തീയതി | : | 26.8.2025 |
| 12 | കരട് കുറിപ്പ് അംഗീകരിച്ച മന്ത്രിയുടെ പേര് | : | ഡോ.ആർ ബിന്ദു |
| 13 | മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് മന്ത്രി അംഗീകരിച്ച തീയതി | : | 26.8.2025 |
| 14 | കുറിപ്പിന്റെ പകർപ്പുകൾ സമർപ്പിച്ച തീയതി | : | 26.8.2025 |
| 15 | മന്ത്രിസഭാ യോഗം തീരുമാനമെടുത്ത തീയതി | : | 27 . 8 . 2025 |
| 16 | തീരുമാനം പുറപ്പെടുവിച്ച സർക്കാർ ഉത്തരവ്/കത്തിന്റെ നമ്പരും തീയതിയും | : | സ.ഉ(കൈ) നം. 637/2025/HEDN തീയതി . 29 . 8 . 2025 |

<u>മന്ത്രിസഭായോഗത്തിനുള്ള കുറിപ്പ്</u>

ഉന്നത വിദ്യാഭ്യാസ വകുപ്പിന്റെ പ്രിൻസിപ്പൽ സെക്രട്ടറിയായി വിരമിച്ച ശ്രീമതി. ഇഷിതാറോയി. ഐ.എ.എസ് -നെ സെന്റർ ഫോർ കണ്ടിന്യൂയിംഗ് എഡ്യുക്കേഷൻ, കേരള- യുടെ ഡയറക്ടർ തസ്തികയിലേക്ക് പുനർനിയമനം നൽകുന്നത് സംബന്ധിച്ചുള്ളതാണ് ഈ കുറിപ്പ്.

2) കേരളത്തിലെ എഞ്ചിനീയറിംഗ്, ആർട്സ് & സയൻസ്, പോളിടെക്നിക് കോളേജുകളിൽ തുടർ വിദ്യാഭ്യാസ പരിപാടികൾ പ്രോത്സാഹിപ്പിക്കുന്നതിനായി കേരളാ സർക്കാർ രൂപീകരിച്ച ഒരു സ്വയംഭരണ സ്ഥാപനമാണ് സെന്റർ ഫോർ കണ്ടിന്യൂയിംഗ് എഡ്യുക്കേഷൻ, കേരള (CCEK). തൊഴിൽരഹിതരായ യുവജനങ്ങൾക്കായുള്ള പരിശീലനം, ചെറുകിട വ്യവസായങ്ങൾക്കുള്ള പ്രത്യേക പരിശീലനം, വിദൂര വിദ്യാഭ്യാസ പരിപാടികൾക്കുള്ള പഠനസാമഗ്രികൾ പ്രസിദ്ധീകരിക്കൽ, സിവിൽ സർവീസ് പരീക്ഷാ പരിശീലനം എന്നിവ CCEK യുടെ പ്രധാനലക്ഷ്യങ്ങളാണ്.

3) സെന്റർ ഫോർ കണ്ടിന്യൂയിംഗ് എഡ്യുക്കേഷൻ കേരള- യുടെ ഉപദേശക സമിതി പുന: സംഘടിപ്പിക്കുന്നതിനായുള്ള ഫയൽ ഉത്തരവിനായി സമർപ്പിച്ചപ്പോൾ ഐ.എ.എസ് ഉദ്യോഗസ്ഥർക്ക് അധിക ചുമതല നൽകുന്നതിന് പകരം വിരമിച്ചതോ സർവ്വീസിലുള്ളതോ ആയ താല്പര്യമുള്ള ഒരു ഉദ്യോഗസ്ഥന് CCEK ഡയറക്ടറുടെ പൂർണ്ണചുമതല നൽകുന്നകാര്യവും, ഉപദേശകസമിതി പുന:സംഘടിപ്പിക്കുന്നതും പരിശോധിച്ച് സമർപ്പിക്കുന്നതിന് ബഹു. മുഖ്യമന്ത്രി നിർദ്ദേശിക്കുകയും, ഉന്നത വിദ്യാഭ്യാസ വകുപ്പ് മുൻ പ്രിൻസിപ്പൽ സെക്രട്ടറി ശ്രീമതി. ഇഷിതാറോയി IAS - നെ പുനർ നിയമന വ്യവസ്ഥയിൽ ഡയറക്ടറായി നിയമിക്കുന്നത് അഭികാമ്യമായിരിക്കുമെന്നും ഡയറക്ടർ നിയമനത്തിന് ശേഷം ഉപദേശകസമിതി പുന:സംഘടിപ്പിക്കുന്നതിനുള്ള പ്രൊപ്പോസൽ സമർപ്പിക്കുന്നതാണെന്നുള്ള ബഹു. ഉന്നത

വിദ്യാഭ്യാസ വകുപ്പ്മന്ത്രിയുടെ ശിപാർശ ബഹു. മുഖ്യമന്ത്രി അംഗീകരിക്കുകയും ചെയ്തിരുന്നു.

4) ശ്രീമതി. ഇഷിതാറോയി ഐ.എ.എസ് (റിട്ട)- നെ പുനർ നിയമന വ്യവസ്ഥയിൽ 3 വർഷ കാലാവധിയിൽ CCEK ഡയറക്ടറായി നിയമിക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കുവാൻ ബഹു. ഉന്നത വിദ്യാഭ്യാസ വകുപ്പ് മന്ത്രി നിർദ്ദേശിച്ചതിനെ തുടർന്ന്, പുനർനിയമനവുമായി ബന്ധപ്പെട്ട 14/10/2020 ലെ 530/SC1/2020/GA (SC), 30/10/2020 -ലെ 64/2020/ധന എന്നീ നമ്പർ സർക്കുലറുകളുടെ അടിസ്ഥാനത്തിൽ ശ്രീമതി. ഇഷിതാറോയി . ഐ.എ.എസ് (റിട്ട) - നെ CCEK യുടെ ഡയറക്ടറായി പുനർനിയമന വ്യവസ്ഥയിൽ നിയമിക്കുന്നതുമായി ബന്ധപ്പെട്ട് വിജിലൻസ് വകുപ്പിന്റേയും, ധനകാര്യവകുപ്പിന്റേയും അഭിപ്രായം ആരാഞ്ഞിരുന്നു.

5) ധനകാര്യ വകുപ്പ് ചുവടെ പറയും പ്രകാരം അഭിപ്രായം രേഖപ്പെടുത്തുകയുണ്ടായി ;

"കേരള സർക്കാരിന്റെ റൂൾസ് ഓഫ് ബിസിനസ് രണ്ടാം ഷെഡ്യൂളിൽ പ്രതിപാദിക്കുന്ന വിഷയങ്ങളിന്മേൽ മന്ത്രിസഭാ യോഗത്തിന്റെ അനുമതി ആവശ്യമാണ്. പ്രസ്തുത ചട്ടം ഇനം 45-ൽ സർക്കാർ ജീവനക്കാരുടെ പുനർനിയമനം ഉൾപ്പെടുന്നു. കൂടാതെ ചീഫ് സെക്രട്ടറിയുടെ 14/10/2020 ലെ 530/SC1/2020/GA(SC) നമ്പർ സർക്കുലറിൽ ടി വിഷയത്തിൽ സ്പഷ്ടീകരണം നൽകിയിട്ടുണ്ട്. ടി സർക്കുലറിനോട് അനുബന്ധിച്ച ധനകാര്യ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച 30/10/2020-ലെ 64/2020/ധന നമ്പർ സർക്കുലറിൽ പുനർ നിയമനം ദീർഘിപ്പിക്കുന്നതു സംബന്ധിച്ച പ്രൊപ്പോസലുകളിലും ടി നിബന്ധനകൾ ബാധകമാക്കേണ്ടതാണ് എന്ന് വിശദീകരിച്ചിട്ടുണ്ട്. ടി സാഹചര്യത്തിൽ വിജിലൻസ് ക്ലീയറൻസ് ലഭ്യമാക്കിയ ശേഷം ശ്രീമതി ഇഷിതാറോയി IAS നെ പുനർ നിയമന വ്യവസ്ഥയിൽ ബഹു. മന്ത്രിസഭയുടെ അനുമതിയോടെ നിയമിക്കാൻ അനുമതി നല്കാവുന്നതാണ്. ടിയാളുടെ സേവന വേതന വ്യവസ്ഥകൾ കെ.എസ്.ആർ ഭാഗം III ചട്ടം 100 പ്രകാരമാണ് (19.10.2016 ലെ സ.ഉ. (പി) നം.159/2016/ധന-യ്ക്ക് അനുസൃതമായി പരിഷ്കരിച്ചത്) പുനർ നിർണ്ണയിക്കേണ്ടത്.

19.10.2016 ലെ സ.ഉ (പി)നം. 159/2016/ധന പ്രകാരം നിലവിലുള്ള ശമ്പള സ്കെയിൽ ബാധകമാകുന്ന തസ്തികയിൽ നിന്നും വിരമിച്ചവരുടെ പുനർനിയമന വേതനം അവസാനം വാങ്ങിയ ശമ്പളത്തിൽ നിന്നും പെൻഷൻ കുറച്ചതായിരിക്കണം. പെൻഷനും പുനർനിയമന വേതനവും ചേർന്നു വരുന്ന തുക അവസാനം വാങ്ങിയ ശമ്പളത്തെ അധികരിക്കരുത്.

1. വിരമിച്ച തസ്തികയുടെ പരിഷ്കരിച്ച സ്കെയിലിന്റെ അടിസ്ഥാനത്തിൽ HRA, CCA അനുവദിക്കാവുന്നതാണ്.
2. മാതൃവകുപ്പിലെ നിരക്കുകൾക്കനുസൃതമായി ക്ഷാമബത്ത അനുവദിക്കാവുന്നതാണ്.
3. പെൻഷനു ക്ഷാമാശ്വാസം അനുവദിക്കാവുന്നതാണ്.
4. വാർഷിക ഇൻക്രിമെന്റിനു അർഹതയുണ്ട്. എന്നാൽ Stagnation ഇൻക്രിമെന്റിനു അർഹതയില്ല."

മേൽ തീരുമാനത്തിന് ബഹു. ധനകാര്യ വകുപ്പ് മന്ത്രിയുടെ അംഗീകാരമുണ്ട്".

6) ശ്രീമതി. ഇഷിതാറോയി ഐ.എ.എസ് (റിട്ട)- ന് എതിരെ നിലവിൽ വിജിലൻസ് കേസ്/വിജിലൻസ് അന്വേഷണം ഒന്നുംതന്നെയില്ലായെന്ന വിവരം വിജിലൻസ് & ആന്റി-കറപ്ഷൻ ബ്യൂറോ ഡയറക്ടർ അറിയിച്ചിട്ടുണ്ട്.

7) ശ്രീമതി. ഇഷിതാറോയി ഐ.എ.എസ് (റിട്ട)- നെ CCEK -യുടെ ഡയറക്ടറായി പുനർനിയമന വ്യവസ്ഥകൾ പ്രകാരം നിയമനം നൽകുവാൻ ബഹു. മുഖ്യമന്ത്രി ഫയലിൽ ഉത്തരവായിരുന്നു. ഈ സാഹചര്യത്തിലാണ് ധനകാര്യ വകുപ്പിന്റേയും വിജിലൻസ് & ആന്റി കറപ്ഷൻ ബ്യൂറോ ഡയറക്ടറുടേയും അഭിപ്രായം കൂടി ചേർത്തുകൊണ്ട് ഈ വിഷയം മന്ത്രിസഭയുടെ പരിഗണനയ്ക്കായി സമർപ്പിച്ചിട്ടുള്ളത്.

**തീരുമാനിക്കേണ്ട വിഷയം**

31-3-2025 -ന് ഉന്നത വിദ്യാഭ്യാസ പ്രിൻസിപ്പൽ സെക്രട്ടറിയായി വിരമിച്ച ശ്രീമതി. ഇഷിതാറോയി. ഐ.എ.എസ്- നെ സെന്റർ ഫോർ കണ്ടിന്യൂയിംഗ് എഡ്യുക്കേഷൻ കേരള (സി.സി.ഇ.കെ)- യുടെ ഡയറക്ടർ തസ്തികയിലേക്ക് ധനകാര്യവകുപ്പ് ശിപാർശ ചെയ്ത വ്യവസ്ഥകൾക്ക് വിധേയമായി പുനർനിയമന വ്യവസ്ഥയിൽ 3 വർഷ കാലാവധിയിൽ നിയമനം നൽകാവുന്നതാണോ ?